# ത്യജിച്ചുകളയരുത്.

സാക് പുന്നൻ

WFTW 08 ഡിസംബർ 2013

യോഹന്നാൻ 21: 3 ൽ പത്രോസ് തന്റെ സഹ അപ്പോസ്തോലന്മാരോട് പറയുന്നതായി നാം വായിക്കുന്നു. 'ഞാൻ മീൻ പിടിക്കാൻ പോകുന്നു'. അവൻ അന്ന് വൈകുന്നേരം മീൻ പിടിക്കാൻ പോകുന്നു എന്നല്ല അവൻ അർത്ഥമാക്കിയത് .

അദ്ദേഹം അർത്ഥമാക്കിയത്, ഒരു അപ്പോസ്തോലനായിരിക്കുന്നത് വിട്ടുകളഞ്ഞിട്ടു കാരണം അക്കാര്യത്തിൽ അവൻ ഒരു പരാജയമായിരുന്നു സ്ഥിരമായി മീൻ പിടുത്തത്തിലേക്ക് തിരിച്ചു പോകുന്നു എന്നാണ്. കുറച്ചു വർഷങ്ങൾക്കു മുന്പ് കർത്താവ് അവനെ വിളിച്ചപ്പോൾ അവൻ മീൻ പിടിക്കുന്ന ഇടപാട് ഉപേക്ഷിച്ചതാണ്. അവന് അറിവുള്ളിടത്തോളം എല്ലാം ഉപേക്ഷിച്ച് അവൻ പരമാർത്ഥതയോടെ കർത്താവിനെ അനുഗമിച്ചിട്ടുണ്ട്. എന്നാൽ അവൻ പരാജയപ്പെട്ടു.

ഇപ്പോൾ അവനു തോന്നിയത് ഒരു അപ്പോസ്തോലനായിരിക്കുന്ന ഈ ഇടപാട് അവനുള്ളതല്ല എന്നാണ്. ഇതുവരെ ജീവിച്ചിട്ടുള്ളതിൽ ഏറ്റവും നല്ല പ്രാസംഗികനിൽ നിന്ന്, ഇതുവരെ പ്രസംഗിക്കപെട്ടിട്ടുള്ളതിൽ ഏറ്റവും അതിശയകരമായ സന്ദേശങ്ങൾ 3.5 വർഷം ശ്രദ്ധിച്ചു കേട്ടിട്ടും അവൻ കർത്താവിനെ നിശ്ശേഷം തള്ളി പറഞ്ഞു അതും കേവലം ഒരു പ്രാവശ്യമല്ല, മൂന്നു പ്രാവശ്യം. ഒരു അപ്പോസ്തോലനായിരിക്കാൻ വേണ്ടത്ര ക്ലേശം അവനുണ്ടായിട്ടുണ്ട്.

എന്നാൽ ഇപ്പോഴും അവനു നന്നായി ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ടായിരുന്നു മീൻ പിടുത്തം. അവൻ ഒരു ബാലനായിരിക്കുന്പോൾ മുതൽ അതു ചെയ്തിട്ടുണ്ട്, അവൻ അതിലൊരു വിദഗ്ദ്ധനുമാണ്. അതുകൊണ്ട് ഒരിക്കൽ കൂടി ഒരു മുക്കുവനാകുവാൻ അവൻ തീരുമാനിച്ചു. മറ്റു ചില അപ്പോസ്തോലന്മാർക്കും അത് തന്നെ തോന്നി. അവരും കർത്താവിനെ തന്റെ ആവശ്യത്തിന്റെ സമയത്ത് ഉപേക്ഷിച്ചു ഓടി കളഞ്ഞവരാണ്. അതുകൊണ്ട് അവർക്കും മീൻ പിടുത്തത്തിലേക്ക് തിരിച്ചു പോകണമെന്നായിരുന്നു, കാരണം ' അപ്പോസ്തോലന്മാർ' ആയിരിക്കുന്നതിൽ അവരും പരാജയപെട്ടു!! അവർ പരമാർത്ഥരായുള്ള പുരുഷന്മാരായിരുന്നു. അവർ യേശുവിന്റെ സന്ദേശങ്ങൾ വിലമതിച്ചിട്ടുണ്ട്.

കൂടാതെ അദ്ദേഹത്തെ ശ്രദ്ധിക്കുന്പോഴെല്ലാം അവരുടെ ഹൃദയം കത്തിയിട്ടുണ്ട്. പക്ഷെ അവർ പരാജയപ്പെട്ടു. നിങ്ങളുടെ അനുഭവവും അവരുടേത് പോലെ ആയിരിക്കാം. നിങ്ങളും ശക്തിയുള്ള സന്ദേശങ്ങൾ കേട്ടിട്ടുള്ളവരും ഉത്തേജിപ്പിക്കപെട്ടവരും ആയിരിക്കാം. ദൈവവചനം കേട്ടപ്പോൾ നിങ്ങളുടെ ഹൃദയം നിങ്ങളുടെ ഉള്ളിൽ കത്തിയിട്ടുണ്ടായിരിക്കാം. നിങ്ങൾ എല്ലാം ഉപേക്ഷിച്ചു പരമാർത്ഥഹൃദയത്തോടെ കർത്താവിനെ പിൻഗമിക്കാൻ സവിശേഷ ശ്രമം

നടത്തിയിട്ടുണ്ടായിരിക്കാം. ശക്തിയുള്ള സന്ദേശങ്ങൾ ശ്രദ്ധിച്ചു കേട്ടതിനു ശേഷം നിങ്ങളും പല തവണ തീരുമാനങ്ങൾ എടുത്തിട്ടുണ്ടാവാം. ആവർത്തിച്ചുണ്ടായ പരാജയങ്ങൾക്ക് ശേഷം ചിലപ്പോൾ നിങ്ങൾ നിങ്ങളോട് തന്നെ ഇടയ്ക്കിടെ പറഞ്ഞിട്ടുണ്ടാകാം.'ഇത്തവണ വാസ്തവമായും ഞാൻ ഇതിൽ വിജയം നേടാൻ പോകുകയാണ്'. പക്ഷെ നിങ്ങൾ പുറപ്പെടുകയും വീണ്ടും പരാജയപ്പെടുകയും ചെയ്തിട്ടുണ്ടാകാം. ഇന്ന് നിങ്ങൾ തിരിഞ്ഞു നോക്കുന്പോൾ, ഒരുപക്ഷെ പിന്നിൽ നിങ്ങൾക്ക് കാണുവാൻ കഴിയുന്നതെല്ലാം പരാജയത്തിനുമേൽ പരാജയം കൂട്ടിവച്ചിരിക്കുന്നതായിരിക്കാം. ആയിരം തവണയിൽ കൂടുതൽ നിങ്ങളിൽ ചിലർ ഇങ്ങനെ ചിന്തിക്കാൻ തക്കവണ്ണം ഇന്ന് നിരാശപെട്ടിട്ടുണ്ടാകാം. 'ഇത് ഒരു പ്രയോജനവും ഇല്ലാത്തതാണ്. ഞാൻ ഇത് വിട്ടുകളഞ്ഞേക്കാം. ഈ സുവിശേഷം മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിച്ചേക്കാം.എന്നാൽ എനിക്കുവേണ്ടി അത് പ്രവർത്തിക്കുമെന്ന് തോന്നുന്നില്ല. ഞാൻ കൂടുതൽ ദൂരം പോയിരിക്കുന്നു. ഒരിക്കലും എനിക്കത് നേടാൻ കഴിയുകയില്ല.'

നിങ്ങൾക്ക് ഇന്ന് അങ്ങനെ തോന്നുന്നുണ്ടോ? പരിശ്രമിക്കുന്നത് പ്രയോജനകരമല്ല എന്ന കാരണത്താൽ ഇനി ഒരിക്കലും പരിശ്രമിക്കുകയില്ലെന്നു നിങ്ങൾ തീരുമാനം എടുത്തിട്ടുണ്ടോ? ലോകത്തിലേക്ക്

തിരിച്ചുപോയി അവിടെയുള്ള ഭാഗ്യമോ,പൊള്ളയായ ആനന്ദമോ തിരയുവാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? കർത്താവായ യേശുവിന്റെ ശിഷ്യൻ എന്നവകാശപ്പെടുന്നതിനേക്കാൾ ക്രിസ്ത്യാനിയെന്ന നാട്യമൊന്നും കാണിക്കാത്ത, തീർത്തും ലൗകികനായ ഒരു വ്യക്തിയായിരിക്കുന്നത് കൂടുതൽ നല്ലതായോ എന്ന് തോന്നുന്നുണ്ടോ?

കൊള്ളാം, ഇതുപോലെതന്നെയാണ് മീൻ പിടിത്തത്തിലേക്ക് തിരിഞ്ഞു പോകാൻ അപ്പോസ്തോലനായി തീരുമാനമെടുത്തപ്പോൾ അവർക്കും തോന്നിയത്. കർത്താവ് ഇങ്ങനെ പറഞ്ഞുകൊണ്ട് അയക്കുന്നത് പോലെ അവരെ പോകുവാൻ അനുവദിച്ചു 'മുന്പോട്ടു പോകുക. മീൻപിടിക്കാൻ ശ്രമിച്ചുനോക്കുക. നിങ്ങൾക്കവിടെ വിജയിക്കാൻ കഴിയുമോ എന്ന് ഉറപ്പു വരുത്തുക'. അതുകൊണ്ട് പത്രോസും അവന്റെ സ്നേഹിതരും രാത്രി മുഴുവൻ മീൻ പിടിക്കുന്നതിന് അദ്ധ്വാനിച്ചു അവർ ദാരുണമായി പരാജയപെട്ടു. അവരുടെ മുഴുവൻ ജീവിതത്തിലും ഇത്ര മോശമായ ഒരു രാത്രി അവർക്കുണ്ടായിട്ടില്ല.

വാസ്തവത്തിൽ അവിടെ, ഗലീലതടാകത്തിൽ ധാരാളം മത്സ്യം ഉണ്ടായിരുന്നു. ആ രാത്രിയിൽ മറ്റ് മുക്കുവന്മാർ വളരെയധികം മീൻ പിടിച്ചു കാണും എന്ന് എനിക്ക് നിശ്ചയം ഉണ്ട്. അവിടെയുള്ള മത്സ്യമെല്ലാം മറ്റുള്ള വള്ളങ്ങളുടെ അടുത്തേക്ക് പോയി. എന്നാൽ ഒരു മീൻ പോലും പത്രോസിന്റെ വള്ളത്തിന്റെ അടുത്ത് വരാതെ ദൈവം അവയെ അവന്റെതിൽ നിന്ന് അകലെ മാറ്റി നിർത്തി. അവിടെയുള്ള മറ്റു മുക്കുവർ പത്രോസിന്റെ വള്ളതിന്റെ അടുത്ത് വന്ന് അവനോടു പറഞ്ഞു കാണും തങ്ങൾക്കു നല്ല ഒരു പിടിത്തമാണ് കിട്ടിയതെന്ന്. ഇത് പത്രൊസിനെയും കൂട്ടരെയും അതിശയിപ്പിച്ചുകാണും. അതിലുപരി തങ്ങൾ ഒന്നും പിടിക്കാതിരുന്നത് എന്തുകൊണ്ട് എന്ന കാര്യം!

പത്രോസ് തന്റെ ജീവിത്തിന്മേലുള്ള ദൈവത്തിന്റെ വിളിയിൽ നിന്ന് അകലേക്ക് തിരിഞ്ഞു പോകുകയായിരുന്നു. അപ്പോൾ ദൈവത്തിന് വീണ്ടും അവനെ പരാജിതനാക്കി ഒരിക്കൽക്കൂടി അവനെ തകർക്കേണ്ടി വന്നു. ആ അപ്പോസ്തോലന്മാർ വൈകുന്നേരം ഏതാണ്ട് 6 മണിക്ക് മീൻ പിടിത്തം തുടങ്ങിയിട്ടുണ്ട്. എന്നാൽ പിറ്റേന്നു രാവിലെ ഏതാണ്ട് 5 മണി വരെ യേശു അവരുടെ അടുത്തു വന്നില്ല. ആ രാത്രിയിൽ പത്രോസിനു ഒരു മീൻ പോലും കിട്ടാൻ പോകുന്നില്ലെന്ന് കർത്താവ് അറിഞ്ഞു. എന്തുകൊണ്ട് അവിടുന്ന് നേരത്തെ വന്നില്ല അവർ ഇറങ്ങിയ ഉടനെ അവരുടെ സമയം അവർ നഷ്ട്ടപ്പെടുത്താതിരിക്കുന്നതിനുവേണ്ടി ആ രാത്രിയിൽ ഏറ്റവും കുറഞ്ഞത് 9 മണിയോടെ എങ്കിലും അവിടുന്ന് എന്തുകൊണ്ട് അവരുടെ അടുത്തേക്ക് വരാതിരുന്നത്? എന്തുകൊണ്ടാണ് അവിടുന്ന് പിറ്റേന്നു രാവിലെ 5 മണി വരെ കാത്തിരുന്നത്. 11 മണിക്കൂർ കഷ്ടപ്പെടുകയും പരാജയപ്പെടുകയും ചെയ്തതിനു ശേഷം അവർ ക്ഷീണിതരാകുന്നതുവരെ അവൻ കാത്തിരുന്നത് എന്തുകൊണ്ടാണ്? ആ ചോദ്യത്തിനുള്ള ഉത്തരത്തിൽ, നാം പരാജയപ്പെടുവാൻ അനുവദിക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതി നാം കണ്ടുപിടിക്കും. അവിടെ മനുഷ്യന്റെ പരാജയതിന്മേലുള്ള ദൈവീക ഉദ്ദേശം നാം കാണും. അവിടെ നാം മനസിലാക്കും എന്തുകൊണ്ടാണ് കഴിഞ്ഞ നാളുകളിൽ അവിടുന്ന് ഒരിക്കലും നമ്മെ സഹായിക്കാൻ വരാതിരുന്നത് എന്ന്. നാം കഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ, സഹായത്തിനായി ആവർത്തിച്ചുള്ള നിലവിളികൾ ഉണ്ടായിരുന്നിട്ടും, എന്തുകൊണ്ട് നമ്മുടെ ആത്മാർത്ഥമായ ചില പ്രാർത്ഥനകൾ ഇപ്പോഴും ഉത്തരം കിട്ടാതെ അവശേഷിക്കുന്നു.

പത്രോസും കൂട്ടുകാരും ആ വൈകുന്നേരം 6 മണിക്ക് മീൻ പിടിക്കാൻ ഇറങ്ങിയപ്പോൾ അവർ പരാജിതരായിരുന്നില്ല. അവർ പ്രതീക്ഷകൊണ്ട് വക്കോളം നിറഞ്ഞിരിക്കുകയായിരുന്നു. രാത്രി 9 മണിയോടെ ഒരു മീനും പിടിക്കാൻ കഴിയാഞ്ഞപ്പോൾ ഒരു പക്ഷെ അവർ അല്പം നിരുത്സാഹപെട്ടുകാണും. അപ്പോഴും അവരുടെ പുറപ്പാട് ' ഒരു പരാജയം' എന്ന് എഴുതിതള്ളാൻ കഴിയുമായിരുന്നില്ല. അർദ്ധരാത്രിയോടെ അവർ വളരെ നിരാശരായിരിക്കാം. പിറ്റേന്നു രാവിലെ 4 മണിയോടെ എല്ലാ പ്രതീക്ഷയും നഷ്ടപ്പെടാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ അവർ ഇനിയും തീർത്തും പരാജിതരായിതീരേണ്ടിയിരുന്നു. അതു സംഭവിക്കാൻ അവർ കുറച്ചുകൂടി പരാജയപ്പെടെണമായിരുന്നു. അവരുടെ ആത്മധൈര്യത്തിന്റെ രേഖാചിത്രം താഴേക്കു പോകുകയായിരുന്നു. എന്നാൽ അത് പൂജ്യത്തിലേക്ക് താഴൊട്ട് മുഴുവൻ ദൂരവും പോകേണ്ടിയിരിക്കുന്നു ഏറ്റവും അടിത്തട്ടിലേക്ക്. അത് സംഭവിച്ചത് രാവിലെ 5 മണിക്ക് മാത്രമാണ്. അപ്പോൾ അവർ ഉപേക്ഷിക്കാൻ തയ്യാറായിരുന്നു. അപ്പോൾ അവർ പറഞ്ഞിട്ടുണ്ടാകണം ' ഇനിയും അല്പം പോലും പരിശ്രമിച്ചിട്ട് പ്രയോജനമില്ല. നമുക്ക് വീട്ടിലേക്കു പോകാം'.

അപ്പോഴാണ് കർത്താവ് പ്രത്യക്ഷപെട്ടത്. അതാണ് ദൈവതിന്റെ വഴി. കർത്താവ് അവരുടെ വല കവിഞ്ഞൊഴുകത്തക്കവിധം നിറച്ചു നൽകി. അവരുടെ ജീവിതത്തിലെ ഒരൊറ്റ ദിവസം പോലും ഇതുപൊലൊരു നല്ല പിടിത്തം പിടിച്ചിട്ടില്ല. അന്നു രാവിലെ അവർ 153 വലിയ മീൻ പിടിച്ചു. കഴിഞ്ഞ കാലങ്ങളിൽ നല്ല ദിവസങ്ങളിൽ അവർ 20 അല്ലെങ്കിൽ 30 മീൻ പിടിച്ചു കാണും. എന്നാൽ ഇതു ഒരു യഥാർത്ഥ അതിശയമാണ്. ആ തടാകത്തിൽ ആരും ഒരിക്കലും ഇത്രയധികം മീൻ പിടിച്ചിട്ടില്ല. ഈ പിടിത്തം ഗലീലയിലെ റെക്കോർഡ് ബുക്കിൽ രേഖപ്പെടുതെണ്ടതാണ്. എല്ലാ പ്രതീക്ഷയും അവർ ഉപേക്ഷിച്ചപ്പോൾ തന്നെ കർത്താവ് അവർക്കുവേണ്ടി ഒരതിശയം ചെയ്തെന്നു അവർ എന്നെന്നും ഓർക്കും.

നിങ്ങൾ തിരഞ്ഞ ഇടങ്ങളിലെല്ലാം നിരാശയും,പരാജയങ്ങളും മാത്രം അനുഭവിച്ച കാരണത്താൽ ഏതു വഴിക്കു തിരിയണമെന്നോ, അടുത്തതായി എന്തു ചെയ്യണമെന്നോ അറിയാതെ ഇന്ന് നിങ്ങൾ ' ഇതി കർത്തവ്യതാമൂഢനായി' ഇരിക്കുകയാണോ. അപ്പോൾ നിങ്ങൾ, കർത്താവ് നിങ്ങൾക്ക് പ്രത്യക്ഷനാകാൻ പോകുന്ന ഇടത്തേക്ക് മിക്കവാറും വളരെ അടുത്തിരിക്കുന്നു. ത്യജിച്ചുകളയരുത് ! നിങ്ങളുടെ ആത്മവിശ്വാസം പൂജ്യത്തിലെത്തുവാൻ വേണ്ടി മാത്രം അവിടുന്ന് കാത്തിരിക്കുകയാണ്. ഇതുവരെയും അവിടുന്ന് നിങ്ങളുടെ അടുത്തു വന്നിട്ടില്ലെങ്കിൽ, അതു അർത്ഥമാക്കുന്നത് നിങ്ങളുടെ ആത്മവിശ്വാസത്തിന്റെ രേഖാചിത്രം ഇതുവരെ പൂജ്യത്തിലെത്തിയിട്ടില്ല എന്നാണ്: നിങ്ങളിൽ ശേഷിക്കുന്ന സ്വയത്തിന്റെ അല്പം ശക്തി കൂടെ അവിടുന്ന് കാണുന്നു; അത് കൂടി പോകേണ്ടിയിരിക്കുന്നു.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)